ന്റെ. എന്നാൽ, ഫെലിസ്ത്യർക്കും ഇന്നത്തെ പാലസ്തീൻകാർക്കും തമ്മിൽ ഒരു ബന്ധവും ചരിത്രപണ്ഡിതന്മാർ കാണുന്നില്ല.

ഫെലിസ്ത്യരെപ്പോലെ എത്ര ജനതകളാണ് ചരിത്രത്തിൽ ഉദിച്ചസ്തമിച്ചിട്ടുള്ളത്! 'പ്രവാഹ നിത്യത'യിൽ കവിഞ്ഞ ഒരു നിത്യതയും വ്യക്തികളുടെ പ്രതികേറംക്കോ ജനതകളുടെ സംസ്കാരങ്ങറംക്കോ അവകാശപ്പെടാനില്ല. താരതമ്യേന അല്പം നീണ്ട സംസ്കാരനൈരന്തര്യം ചില ജനതകറംക്ക് ഉണ്ടായിരിക്കാമെന്നു മാത്രം.

അവ്യക്താദീനി ഭൂതാനി വ്യക്തമധ്യാനി ഭാരത!
അവ്യക്ത നിധനാന്യേവ തത്രകാ പരിദേവനാ?

(ആധാരം: 1988 ആഗസ്റ്റ് 29-ലെ 'ടൈം' വാരിക).

(30 സെപ്റ്റംബർ, 1988)

# 84. മതനിരപേക്ഷത ജീവിതത്തിൽ

നെഹ്റു ശതാബ്ദിയോടനുബന്ധിച്ച പല പരിപാടികളും മാതൃഭൂമി സ്റ്റഡി സർക്കിളുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ടുവരുന്നുണ്ട്. സന്തോഷകരമായ ഒരു കാര്യമാണിത്.

മിക്ക സ്ഥലങ്ങളിലും പരിപാടികറം സമ്മേളനങ്ങളുടെ രൂപമാണു കൈക്കൊള്ളുന്നത്. ഇത് സ്വാഭാവികംതന്നെ. നെഹ്റുവിനെ സംബന്ധിച്ച പ്രസംഗങ്ങറം കേറംക്കുകയും കേറംപ്പിക്കുകയുമെന്നത് നല്ല കാര്യമാണല്ലൊ.

നെഹ്റുവിൻെറ കൃതികറം, വിശേഷിച്ച് വിശ്വചരിത്രാവലോക, ഇന്ത്യയെ കണ്ടെത്തൽ, ആത്മകഥ എന്നിവ ഒററയ്ക്കും കൂട്ടായും വായിക്കാനും പഠിക്കാനും ഉള്ള പരിപാടികറം സംഘടിപ്പിക്കുന്നതു കൂടുതൽ പ്രയോജനം ചെയ്യും. നെഹ്റുവിനെ ഉത്തേജിപ്പിച്ച ആദർശങ്ങളും അദ്ദേഹം ആവിഷ്കരിച്ച ആശയങ്ങളും മനസ്സിലാക്കുകയും അവ അനുസരിച്ച സ്വന്തം ജീവിതത്തെയും നമ്മുടെ നാട്ടിലെ പൊതുജീവിതത്തെയും രൂപപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നത് സ്റ്റഡി സർക്കിറം അംഗങ്ങറംക്ക് വ്യക്തിപരമായി മാത്രമല്ല, രാജ്യത്തിനൊട്ടാകെ ഗുണപ്രദമായിരിക്കും.

നെഹ്റു നമ്മുടെ മുമ്പിൽ സമർപ്പിച്ച ആദർശങ്ങളിൽ പ്രധാനമായ ഒന്ന് മതനിരപേക്ഷത (സെക്യുലറിസം) ആകുന്നു. പക്ഷേ, മതനിരപേക്ഷത നെഹ്റുവിൻെറ കണ്ടുപിടിത്തമൊന്നുമല്ല. മഹാത്മാഗാന്ധിയുടെ ഉദ്ബോധനങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു മതനിരപേക്ഷത. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറ അടിസ്ഥാന ആശയങ്ങളിലൊന്നും മതനിരപേക്ഷത തന്നെ. യഥാർത്ഥത്തിൽ ഇന്ത്യൻ സംസ്കാരത്തിൻെറ ആധാരശിലകളിൽ പ്രമുഖം മതനിരപേക്ഷതയാകുന്നു.

'മതനിരപേക്ഷത' എന്നാൽ മതത്തിൽ താല്പര്യമില്ലാതിരിക്കലല്ല. മഹാത്മാഗാന്ധിയോളം മതനിഷ്ഠയുള്ള വ്യക്തികറം കുറവായിരുന്നുവല്ലോ. മതം സംബന്ധിച്ച് തുറന്ന മനോഭാവം കൈക്കൊള്ളലും സ്വന്തം മതത്തോടുള്ള അതേ ആദരം മററു മതങ്ങളോടും പുലർത്തലും രാജ്യഭരണം സംബന്ധിച്ച വിവിധ രംഗങ്ങളിൽ മതത്തിൻെറയോ ജാതിയുടെയോ പേരിൽ ഒരാളോടും വിവേചനം കാണിക്കാതെ എല്ലാവർക്കും സമമായ പരിഗണന നൽകലുമാണ് മതനിരപേക്ഷത.

ജനാധിപത്യത്തിൻെറതന്നെ അടിസ്ഥാനം മതനിരപേക്ഷതയാകുന്നു. പ്രത്യേകിച്ചും പല മതങ്ങറം പുലർന്നുവരുന്ന ഇന്ത്യപോലുള്ള ഒരു മഹാരാജ്യത്തിൽ.

‘മതനിരപേക്ഷത സർക്കാർ നടപ്പിൽ വരുത്തേണ്ട ഒരു തത്ത്വമല്ലേ? വ്യക്തി എന്ന നിലയിൽ എനിക്കു് അതിൽ എന്തു കാര്യം?’ എന്നു ചോദിക്കുന്നവർ ഉണ്ടാകാം.

ഇതു തെററായ നിലപാടാണു്. ഭൂരിപക്ഷം വ്യക്തികളുടെയും വിശ്വാസത്തിലും പെരുമാററത്തിലും സ്വകാര്യജീവിതത്തിലും മതനിരപേക്ഷത സ്ഥിരപ്രതിഷ്ഠ നേടുമ്പോൾ മാത്രമേ ഭരണം മതനിരപേക്ഷമാവുകയുള്ളു.

മതനിരപേക്ഷതയെന്നതു് നിങ്ങളുടെ മനസ്സിലും വാക്കിലും പ്രവർത്തനത്തിലും ബോധപൂർവം, നിഷ്ഠാപൂർവം വളർത്തിക്കൊണ്ടുവരേണ്ട ഒരാദർശമാണു്. താഴെ ചേർക്കുന്ന ചോദ്യങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക.

1. നിങ്ങളുടേതല്ലാത്ത മതത്തിൽ വിശ്വസിക്കുന്നവർ നിങ്ങളുടെ സുഹൃത്തുക്കളായുണ്ടോ?

2. നിങ്ങളുടേതായ മതത്തിന്റെയെന്നപോലെ നിങ്ങളുടേതല്ലാത്ത മതങ്ങളുടെയും സ്വരൂപം മനസ്സിലാക്കാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ? (ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം വിവേകാനന്ദ സാഹിത്യ സർവസ്വം, ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഖുർ–ആൻ, ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം ബൈബിൾ എന്നീ ഗ്രന്ഥങ്ങളുടെ പാരായണത്തെ ഈ ശ്രമത്തിന്റെ ഭാഗമായി കണക്കാക്കാം).

3. നിങ്ങളുടേതല്ലാത്ത മതങ്ങളുടെ ആരാധനാസമ്പ്രദായങ്ങളിൽ സാധ്യമായേടത്തോളം പങ്കുകൊള്ളാനും അവയെ അനുഭാവത്തോടെ മനസ്സിലാക്കാനും നിങ്ങൾ ശ്രമിക്കുന്നുണ്ടോ?

4. നിങ്ങളുടേതല്ലാത്ത മതങ്ങളിൽ വിശ്വസിക്കുന്ന സുഹൃത്തുക്കളുടെ വീടുകൾ നിങ്ങൾ സന്ദർശിക്കാറുണ്ടോ? അവരെ നിങ്ങളുടെ വീട്ടിലേക്കു് ക്ഷണിക്കാറുണ്ടോ? അവരുടെ ഭക്ഷണം നിങ്ങൾ കഴിക്കാറുണ്ടോ? നിങ്ങളുടെ ഭക്ഷണം അവരുമായി പങ്കിടാറുണ്ടോ? അവരോടൊപ്പം നിങ്ങൾ താമസിച്ചിട്ടുണ്ടോ?

5. വ്യത്യസ്ത മതക്കാർ തമ്മിൽ അകൽച്ചയും വൈരവും വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളിൽനിന്നു് നിങ്ങൾ തികച്ചും വിട്ടുനിൽക്കുന്നുണ്ടോ? അത്തരം പരിശ്രമങ്ങളെ സാധ്യമായേടത്തു് എതിർക്കുന്നുണ്ടോ?

6. മതം, ജാതി എന്നിവയുടെ അടിസ്ഥാനത്തിൽ ചിലരെ അകററിയും താഴ്ത്തിയും നിർത്താനുള്ള പരിശ്രമങ്ങൾക്കു് നിങ്ങൾ എതിരാണോ? ആ എതിർപ്പു് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പ്രകടിപ്പിക്കാറുണ്ടോ?

ഈ ചോദ്യങ്ങൾക്കു് ‘അതെ’ എന്നോ ‘ഉണ്ടു്’ എന്നോ സത്യസന്ധമായി ഉത്തരം പറയാൻ സാധിച്ചാൽ നിങ്ങൾ മതനിരപേക്ഷത നേടിക്കഴിഞ്ഞു എന്നു പറയാം.

മതനിരപേക്ഷത സ്വന്തം ജീവിതത്തിൽ സാക്ഷാൽക്കരിക്കാനുള്ള പരിശ്രമം ഇന്നുതന്നെ ആരംഭിക്കുക; ആ പരിശ്രമത്തിനു് ക്രമേണ ആക്കം വർദ്ധിപ്പിക്കുകയും ചെയ്യുക. നിങ്ങളുടെ പ്രവൃത്തികളിലൂടെ മതനിരപേക്ഷത കരുത്തു നേടട്ടെ. നെഹ്റുശതാബ്ദിവർഷത്തിൽ നിങ്ങൾ രാജ്യത്തിനു നൽകുന്ന സേവനമാകട്ടെ ഈ പരിശ്രമം.

(27 സെപ്റ്റംബർ, 1988)